**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**27 October 2017 / (06 Safar 1439 Hijira)**

## THE PERFECT BOOK (PART 1) സമ്പൂർണ്ണ ഗ്രന്ഥം (ഭാഗം 01)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **സമ്പൂർണ്ണ ഗ്രന്ഥം** എന്ന വിഷയത്തിൽ വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹിക്കുകയുണ്ടായി.

മഹത്തായ ഈ ഗ്രന്ഥം അതിൽ യാതൊരു സംശയവുമില്ല. സൂക്ഷിച്ചു ജീവിക്കുന്നവർക്ക് മാർഗ്ഗ ദർശനമാകുന്നു. അദൃശ്യ യാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുകയും നമസ്ക്കാരം (മുറ പ്രകാരം) അനുഷ്ഠിക്കുകയും നാം അവർക്ക് നല്കിയതിൽ നിന്നും (നന്മയുടെ മാർഗ്ഗത്തിൽ) ചെലവഴിക്കുകയും ചെയ്യുന്നവരാണവർ. താങ്കൾക്ക് അവതരിപ്പിക്കപ്പെട്ടതിലും താങ്കളുടെ മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും വിശ്വസിക്കുന്നവരും പരലോകത്തെകുറിച്ച് ദൃഢബോധമുള്ളവരുമാണവർ (2:3–5)

ഇന്നത്തെ പ്രസംഗത്തിൽ ഇബാദത്ത് അല്ലാഹുവിനെ ആരാധിക്കുക എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുവാൻ, ഞാൻ പ്രത്യേകമായി, തെരഞ്ഞെടുത്തിരിക്കുകയാണ്. അതിനാലാണ് സൂറ : ബഖറയിലെ ഏതാനും വചനങ്ങൾ ഞാൻ പാരായാണം ചെയ്തത്. വിശുദ്ധ ഖുർആനെ പരിചയപ്പെടുത്തി കൊണ്ട് അല്ലാഹു(ത) പറഞ്ഞ ഒന്നാമത്തെ കാര്യം. ഇത് ആ ഗ്രന്ഥമാകുന്നു ഇതിൽ ഒരു സംശയത്തിനും ഇടമില്ല. ഇവിടെ നാം മനസ്സിലാക്കേണ്ട പ്രധാന കാര്യം, അല്ലാഹു(ത) ചൂണ്ടികാണിക്കുന്ന പ്രസ്തുത ഗ്രന്ഥം, അവന്റെ ഗ്രന്ഥം, സമ്പൂർണ്ണമായ ഒരു ഗ്രന്ഥമാകുന്നു എന്നതാണ്. അതിൽ ഒരു തെറ്റിനും സ്ഥാനമില്ല. ഇതിന് വളരെയധികം അർത്ഥതലങ്ങളുണ്ട്. നിങ്ങളിൽ നിന്നും വളരെ

വിദൂരത്തിലായിരുന്ന ഒരു ഗ്രന്ഥമാകുന്നു അത്. എന്നാൽ നിങ്ങൾ ചില വ്യവസ്ഥകൾ പൂർത്തീകരിക്കുകയാണെങ്കിൽ, ഈ പറയപ്പെട്ട ഗ്രന്ഥം നിങ്ങളുടെ സമീപത്തെത്തുന്നതാണ്.

ദാലിക്ക എന്ന വാക്ക് ഖുർആന്റെ മഹത്വത്തിലേക്കുള്ള സൂചന നല്കുന്ന വാക്കാണ്. പ്രസ്തുത വാക്കിൽ അനേകം പ്രവചനങ്ങൾ അടങ്ങികിടക്കുന്നു. പ്രസ്തുത വാക്ക് ഖുർആന്റെ സമ്പൂർണ്ണതയിലേക്ക് വിരൽ ചൂണ്ടുന്നു. വസ്തുതയിതാണ്, മുൻ കഴിഞ്ഞുപോയ പ്രവാചകന്മാരെല്ലാം ഹസ്രത് മുഹമ്മദ് (സ)യുടെ ആഗമനത്തെക്കുറിച്ച് പ്രവചനം നല്കിയിട്ടുള്ളതാകുന്നു. അദ്ദേഹം മഹത്തായ ഒരു ഗ്രന്ഥം കൊണ്ടുവരുമെന്നും പ്രവചിച്ചിട്ടുള്ളതാകുന്നു.

അൽകിതാബ് - പ്രസ്തുത ഗ്രന്ഥം എന്നതുകൊണ്ട് ഇവിടെ വ്യക്തമാക്കുന്നത്, കാലങ്ങളായി ജനങ്ങൾ കാത്തിരിക്കുന്ന വാഗ്ദത്ത ഗ്രന്ഥമാണ്. ഇന്നിതാ പ്രസ്തുത ഗ്രന്ഥം നമ്മുടെ മുൻപാകെ വന്നിരിക്കുന്നു. മറ്റൊരു വിശദീകരണം ഈ ഗ്രന്ഥം നിങ്ങളിൽ നിന്നും വളരെ വിദൂരമായിരിക്കുന്നു. നിങ്ങൾക്ക് നിങ്ങളുടെ സമീപത്ത് പ്രസ്തുത ഗ്രന്ഥത്തെ എത്തിക്കാവുന്നതാണ്. ഈകാര്യത്തിൽ ഒരു സംശയവുമില്ല. അതായത് പ്രസ്തുത ഗ്രന്ഥത്തെ നിങ്ങളുടെ സമീപം എത്തിക്കാം എന്നതിൽ ഒരു സംശയവുമില്ല. അപ്പോൾ ദാലിക്ക എന്ന വാക്കുമായി ലാറയ്ബ വായിക്കുമ്പോൾ, അതുകൊണ്ടർത്ഥമാക്കുന്നത്, പ്രസ്തുത ഗ്രന്ഥം സമ്പൂർണ്ണ ഗ്രന്ഥമാണ്. അതിൽ യാതൊരു സംശയത്തിനും ഇടമില്ല. (അതിന്റെ സത്യതയിൽ, അതായത് അതിലെ ഉള്ളടക്കാം സത്യം മാത്രമാകുന്നു. സ്വാതികരായ എല്ലാ ആളുകൾക്കും അതൊരു വഴികാട്ടിയാകുന്നു. ഈ ഗ്രന്ഥം തഖ്വ ഇല്ലാതെ പാരായണം ചെയ്യുകയാണെങ്കിൽ, സംശയം മാത്രമായിരിക്കും നിങ്ങൾക്കു കിട്ടുന്ന കുറി. തീർച്ചയായും ഇത് അസാധാരണമായ ഒരു ഗ്രന്ഥം തന്നെയാണ്. തഖ്വ ഉള്ളവർക്ക് സംശയമില്ലാത്ത ഗ്രന്ഥവുമാകുന്നു. അല്ലാഹുവിനെ ഭയമില്ലാത്തവർക്ക്, സത്യവാന്മാരല്ലാത്തവർക്ക്, അവർക്ക് ഈ ഗ്രന്ഥം ഒരു സംശയത്തിന്റെ ഉറവിടമായി നിലകൊള്ളുന്നതാണ്. (അതായത്, ഈ ഗ്രന്ഥത്തിനലടങ്ങിയിരിക്കുന്ന സത്യം അവർക്ക് സീൽ ചെയ്യപ്പെട്ടതായിരിക്കും. അവർക്കതിനെ പ്രാപിക്കുവാൻ കഴിയുകയില്ല) മറിച്ച്, ഭക്തർക്ക്, ഈ ഗ്രന്ഥം അവരുടെ എല്ലാ സംശയങ്ങളും ദൂരികരിക്കുന്നു. ഒരു ചെറിയ വചനത്തിലൂടെ? അല്ല ഒരു വചനം അവസാനിക്കു

ന്നതിനു മുൻപു തന്നെ, എത്ര വിഷയങ്ങളെയാണ് അല്ലാഹു (ത) അവ തരിപ്പിക്കുന്നത്.

ഒരു കാര്യം ഉറപ്പാണ്, അതിൽ അശ്ശേഷം സംശയമില്ല. എല്ലാ മാർഗ ദർശനങ്ങളും (വഴികാട്ടികളും) നമുക്ക് ലഭിച്ചതും ലഭിക്കാനിരിക്കുന്നതുമായ എല്ലാം, ഈ ഗ്രന്ഥത്തിലൂടെയാണ് മാത്രമാണ് നമുക്ക് ലഭ്യമാകുന്നത്. ആയതിനാൽ, പ്രഥമമായി, ഇബാദത്തുമായി ബന്ധപ്പെടുന്നതിന്, അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യേണ്ടത്, അടിസ്ഥാനപരമായ കാര്യം തന്നെയാണ്. പ്രസ്തുത കാര്യത്തിലേക്ക് നിങ്ങളെ ഉണർത്തുവാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഈ കാര്യത്തെ പറ്റി പര്യാലോചന നടത്തിയപ്പോൾ വിവിധ രാജ്യങ്ങളിൽ നിന്നും എനിക്ക് ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും, എല്ലാ ദിവസവും ഖുർആൻ വായിക്കുന്നത് വളരെ ചുരുക്കം ആളുകളെ ഉള്ളു എന്ന് മനസ്സിലാക്കുന്നു. ഇതു സംബന്ധമായി, കുട്ടികളെ സംബന്ധിച്ച് ചോദിച്ചപ്പോൾ, എല്ലാ ദിവസവും ഖുർആൻ വായിക്കുന്നത് വളരെ ചുരുക്കം കുട്ടികളെ ഉള്ളു എന്നും മനസ്സിലാകുന്നു. ഈ അടിസ്ഥാനപരമായ കാര്യത്തിന് ഒരു പ്രത്യേക ശ്രദ്ധ നാം നല്കുന്നില്ലെങ്കിൽ (അതായത് ഖുർആൻ പാരായണം) തർബിയ്യത്ത് സംബന്ധമായി ഞാൻ പറഞ്ഞിട്ടുള്ളു എല്ലാ കാര്യങ്ങളും നിശ്ചലമാകുന്നതാണ്. ഞാൻ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിങ്ങൾക്ക് ബോധ്യമായിട്ടില്ല എന്ന് കരുതുന്നു. ഖുർആനിലൂടെ മാത്രമെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാൻ കഴിയുകയുള്ളു. ഖുർആന്റെ പിന്താങ്ങലിലൂടെ മാത്രമെ നമ്മുടെ ഭാവി തലമുറയെ നമുക്ക് സംരക്ഷിക്കുവാൻ കഴിയുകയുള്ളു. ഖുർആൻ ഇല്ലാതെ നമുക്കൊന്നും ചെയ്യുവാൻ സാധിക്കുകയില്ല. ഖുർ ആന് രണ്ട് വീക്ഷണങ്ങളുണ്ട്. ഇത് ഒരു വഴികാട്ടിയാണ്. മാർഗദർശനമാണ്. അതേ സമയം ഇതു വഴികാട്ടിയുമല്ല / മാർഗ്ഗദർശനവുമല്ല. സത്യവാന്മാർക്ക് മാത്രമാണ് ഇത് മാർഗദർശനമാകുന്നത്. അല്ലാഹുവിനെ ഭയപ്പെടുന്നവർക്കു മാത്രം ! ഇനി തഖ്‌വ ഇല്ലാത്തവർക്ക്, ഖുർആൻ അവരിൽ നിന്നും വളരെ വിദൂരത്താകുന്നു. അവരുടെ അടുത്താണെന്ന നിലയിൽ അത് കാണപ്പെടുന്നു. എന്നാൽ, വാസ്‌വത്തിൽ, അവരിൽ നിന്നും വളരെ വിദൂരത്തിലാണ്. ഈ ഗ്രന്ഥം സമീപത്താകത്തടത്തോളം കാലം, ഈ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതല്ല.

ലോകമെമ്പാടുമുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾ, ഈ കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നല്കേണ്ടതാണ്. നിങ്ങൾ ഖുർആനിൽ നിന്നും അകന്നു കഴിയുകയാണെങ്കിൽ, നിങ്ങളുടെ മറ്റെല്ലാവിധ പ്രവർത്തികളിൽ നിന്നും നിങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നതല്ല.

നമ്മുടെ ആളുകളിൽ ഭൂരിഭാഗവും പക്വത നേടിയവരാകുന്നു. പ്രസ്തുത ആളുകൾ മതത്തെ സ്നേഹിക്കുന്നു. എന്നാൽ അവരെ പഠിപ്പിക്കേണ്ടതായിട്ടുണ്ട്. അതായത് അവർ ഖുർആനെ സ്നേഹിക്കാത്തിടത്തോളം കാലം, അവർ മതത്തെ സ്നേഹിക്കുന്നു എന്നു പറയുന്നത് അർത്ഥമില്ലാത്ത കാര്യമാണ്.

ആയതിനാൽ അവരിൽ ഖുർആനോടുള്ള സ്നേഹം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാകുന്നു. ഖുർആനോടുള്ള സ്നേഹം നിങ്ങളിൽ പ്രകടമായില്ലെങ്കിൽ, മറ്റെല്ലാ പ്രവർത്തനങ്ങളും വ്യർത്ഥമാകുന്നതാണ്. കാരണം അല്ലാഹു(ത) ആദ്യമായി നമ്മെ പരിചയപ്പെടുത്തുന്നത് പ്രസ്തുത ഗ്രന്ഥത്തെ പറ്റിയുള്ള പരിചയപ്പെടുത്തലാകുന്നു. പ്രസ്തുത ഗ്രന്ഥം എല്ലാ ജനങ്ങളും കാത്തിരുന്ന ഗ്രന്ഥമാകുന്നു. ലോകോല്പത്തി മുതൽ, ഓരോരുത്തരും കാത്തിരുന്നതാണ്. എന്നാൽ ഗ്രന്ഥം വന്നു കഴിഞ്ഞപ്പോൾ, എത്രപേരാണ് അതിനെതിരിൽ മുഖം തിരിച്ചത് അതിനെ ഉപേക്ഷിച്ചു പോയത്.

ഹസ്രത് മുഹമ്മദ് (സ) അദ്ദേഹം അല്ലാഹുവിനോട് പരാതിപ്പെടുന്നതാണ് എന്ന് വിശുദ്ധഖുർആൻ പറയുന്നു. യാ അല്ലാഹ് ! എന്റെ ജനത, ഖുർആന് ശ്രദ്ധ നല്കിയില്ല. അവർ അതിനെ അവഗണിച്ചു കളഞ്ഞു.

നിങ്ങൾ ഒരിക്കലും അത്തരം ആളുകളിൽപെട്ടു പോകരുത്. അന്ത്യദിനത്തിൽ ഹസ്രത് മുഹമ്മദ് (സ) നിങ്ങളെപറ്റി അല്ലാഹുവിനോട് പരാതിപ്പെടാൻ ഇടവരരുത് അന്നദ്ദേഹം പറയുന്നതാണ്. യാ അല്ലാഹ് ! ഇവരാണ് ഖുർആനെ പരിഗണിക്കാതെ മുഖം തിരിച്ചവർ

പ്രവാചകപ്രഭു മുഹമ്മദ് (സ) യുടെ അല്ലാഹുവിനോടുള്ള ഈ പരാതി നിങ്ങൾക്ക് ബാധകമാണോ അല്ലയോ എന്ന് ലോകജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും ആത്മപരിശോധന നടത്തേണ്ടതാണ്. വിധി ദിനത്തിൽ ഖുർആനെ നെഞ്ചിലേറ്റിയ വിഭാഗ

ത്തിലാണോ അതല്ല അവഗണിച്ച വിഭാഗത്തിലാണോ നാം അകപ്പെടുക എന്ന് നാം നോക്കികാണേണ്ടതാണ്. മുഹമ്മദ്(സ) പരാതിപ്പെടുന്ന വിഭാഗത്തിലാകണമോ അതല്ലാ മുഹമ്മദ്(സ) യാ അല്ലാഹ് ! ഇവരാണ് എന്റെ ആളുകൾ, ഇവർ ഖുർആനെ നെഞ്ചിലേറ്റിയവരാണ് എന്ന് പറയുന്ന വിഭാഗത്തിൽ പെടണമോ ? ഇത് വളരെ വലിയ പ്രാധാന്യമുള്ള കാര്യം തന്നെ ! തീർച്ചയായും ഇബാദത്തിന്റെ ജീവൻ പ്രസ്തുത ഖുർആൻ തന്നെയാണ് ! ആരാധനയ്ക്കു മുമ്പിൽ, ഖുർആൻ തന്നെയാണുള്ളത് ! അതായത് തഹജ്ജുദ് നമസ്ക്കാര സമയത്ത് (ഫജർ നമസ്ക്കാരത്തിന് മുൻപ്) അല്ലാഹു (ത) പറയുന്നു. ഒരാൾ തീർച്ചയായും ഖുർആൻ പാരായണം ചെയ്യുവാൻ കഠിനമായി യത്നിക്കേണ്ടതാണ്. നമസ്ക്കാരവേളയിൽ ഖുർആൻ പാരായണം ഉണ്ട് ! നമസ്ക്കാരത്തിനു ശേഷം ഖുർആൻ പാരായണം ഉണ്ട്. ആയതിനാൽ, ഖുർആൻ പാരായണം ചെയ്യുന്ന സ്വഭാവം സൃഷ്ടിക്കുന്നതും, ജനങ്ങൾ അവയുടെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കുന്നതും, തർബിയ്യത്തിന്റെ ശിക്ഷണത്തിന്റെ അടിസ്ഥാന തത്വമാകുന്നു. ശിക്ഷണത്തിന്റെ താക്കോൽ ഇതു തന്നെയാകുന്നു. ഇതില്ലാതെ തർബിയ്യത്ത് നടത്തുവാൻ സാധിക്കുകയില്ല. വളരെയധികം മിഷണറിമാരും, സദ്ർമാരും, അമീർമാരും, നായിബ് അമീർമാരും പൂർണ്ണമായും അവഗണിക്കുന്ന ഒരു കാര്യമാണിത്. വളരെ വലിയ പള്ളികൾ നിങ്ങൾ കാണുന്നു. വളരെ വലിയ പരിപാടികളും കാണുന്നു. പ്രസ്തുത പരിപാടികൾ (വിശിഷ്യാ വാഗ്ദത്ത മസീഹ് (അ) ന്റെ ജമാഅത്ത് സംഘടിപ്പിക്കുന്നു. ഇത്തരം പരിപാടികൾക്കായി ദൂരെ രാജ്യങ്ങളിൽ നിന്ന് വരെ ആളുകൾ എത്തുന്നു. അവരെ സഹായിക്കാനായി ! വളരെ സന്തോഷത്തോടെ, ആകാംഷയോടെ, കുറെദിനങ്ങൾ അവിടെ കഴിയുവാനായി (അവർ എത്തുന്നു)

എന്നാൽ ഈ യാത്ര, അല്പദിനങ്ങൾക്കായുള്ള ഈ യാത്ര, പാരത്രിക ലോകത്തിലേക്കുള്ള മഹത്തായ യാത്രയ്ക്ക് ആവശ്യമുള്ള യാത്രയല്ല. പാരത്രിക ലോകത്തിലേക്കുള്ള യാത്രയ്ക്കായി, നിങ്ങൾ ദിവസവും യാത്ര ചെയ്യേണ്ടതുണ്ട്. പ്രസ്തുത നിത്യേനയുള്ള യാത്രയ്ക്കുള്ള വിഭവം പരിശുദ്ധഖുർ ആൻ ആകുന്നു. ഹസ്രത് മുഹമ്മദ് (സ) ഒരു വിശ്വാസിയെ

ഇപ്രകാരമാണ് വിവക്ഷിച്ചിട്ടുള്ളത്. ഒരു വിശ്വാസി 355 ദിവസവും ഉറങ്ങുക എന്നദ്ദേഹം പറഞ്ഞിട്ടില്ല. എന്നിട്ട് അഞ്ചോ പത്തോ ദിവസത്തേക്ക് ഉണർന്ന് യാത്ര ചെയ്യുവാനും പറഞ്ഞിട്ടില്ല. മറിച്ച് വിശ്വാസികൾ ദിവസവും സഞ്ചരിക്കുന്നവരെ പോലെ ആയിരിക്കണമെന്ന് മാതൃകയാണ് നമുക്ക് നല്കിയത്. വിശ്വാസി പ്രഭാതത്തിൽ അല്പം യാത്ര ചെയ്യുന്നു. ഉച്ചയ്ക്ക് കുറച്ചു നേരം യാത്ര ചെയ്യുന്നു. അവന് ലഭിക്കുന്ന വിശ്രമസമയങ്ങളിൽ അല്പം യാത്ര ചെയ്യുന്നു. വ്യർത്ഥമായ കാര്യങ്ങൾക്കായി അവൻ സമയം നഷ്ടപ്പെടുത്തുന്നതല്ല. ടെലിവിഷൻ കാണുന്നതു പോലുള്ള കാര്യങ്ങളിൽ ടി.വി. സീരയലുകൾ, സിനിമകൾ തുടങ്ങിയവ) ഇവകളൊന്നും തന്നെ നല്ല ശിക്ഷണങ്ങൾ ലഭിക്കുന്നതല്ല.

മറിച്ച്, ഈ ടി.വി. സിനിമകൾ നിങ്ങളുടെ ഈമാൻ കെടുത്തികളയുന്നതാണ്. അവ നിങ്ങളെ അല്ലാഹുവിൽ നിന്നും ഖുർആനിൽ നിന്നും അകറ്റികളയുന്നതാണ്. പിശാചിന് നിങ്ങളെ ഇവയുമായി ബന്ധിച്ചു നിർത്തുവാൻ കൂടുതൽ അവസരങ്ങളുണ്ടാകുന്നു. ഇവ നിങ്ങളുടെ ഈമാനെ നശിപ്പിച്ചുകളയുന്നു. നിങ്ങളുടെ കണ്ണുകൾക്ക് രസക്കൊഴുപ്പേകുന്നു. അതേ തുടർന്ന് അവ നിങ്ങൾക്ക് ആകർഷകങ്ങളായി, രസകരങ്ങളായി മാറുകയും നിങ്ങൾ അവയുടെ പിറകേ പോവുകയും ചെയ്യുന്നു.

നിങ്ങളുടെ യാത്ര ഖുർആന്റെ പുറകെ ആയിരിക്കട്ടെ!പ്രസ്തുത യാത്രയിൽ അവിടെ സാത്താന് ഇടമില്ല ! ഈ യാത്ര നിങ്ങളുടെ പാരത്രിക യാത്രയെ മോടിപിടിപ്പിക്കുവാൻ കഴിയുന്നതാണ്. ഈ യാത്ര നിങ്ങൾ അനുദിനം നടത്തേണ്ടതാണ്. ഇൻശാ അല്ലാഹ് !

നിങ്ങൾ ദിവസവും പരിശുദ്ധഖുർആൻ പാരായണം ചെയ്യുക. നിങ്ങളുടെ ഭാര്യയും പരിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുക. അതിലൂടെ നിങ്ങൾ നിങ്ങളിൽ മനഃശാന്തി കണ്ടെത്തുന്നതാണ്. നിങ്ങളുടെ കുടുംബത്തിലും ! നിങ്ങൾ നിങ്ങളുടെ കുടുംബത്തിലും നിങ്ങളുടെ ചുറ്റുമുള്ള ആളുകളിലും പ്രസ്തുത ശാന്തി പകരുന്നവരായി മാറുന്നതാണ്.

നിങ്ങളിൽ സ്വയം ഒരു മാറ്റം ഉണ്ടാകുന്നതാണ്. അല്ലാഹുവിൽ നിന്നുള്ള പ്രകാശം നിങ്ങളെ പ്രകാശിപ്പിക്കുന്നതാണ്. നിങ്ങളുടെ ഭവനം മാറ്റത്തിന് വിധേയമാകുന്നതാണ്. (നല്ലതിനു വേണ്ടി) അല്ലാഹുവിന്റെ പ്രകാശം എല്ലായിടത്തും വ്യാപിക്കുന്നതാണ്. ഖുർആനുമായുള്ള യാത്ര, നിങ്ങളുടെ ജീവിതത്തെ സമ്പൂർണ്ണമായി മാറ്റിമറിക്കുന്നതാണ്. എന്നാൽ ഈ യാത്ര എങ്ങനെയാണ് തുടങ്ങേണ്ടതെന്ന് നിങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇതും വളരെ പ്രധാനപ്പെട്ട കാര്യം തന്നെ. ഈ യാത്ര ആരംഭിക്കേണ്ടത് വളരെ ശ്രദ്ധയോടെയും, ആത്മാർത്ഥയോടെയും സ്നേഹത്തോടെയും ആയിരിക്കണം. നിങ്ങളുടെ നിത്യജീവിതത്തിൽ ഇത് ഒരു ഭാരമായി തീരരുത്. ഖുർആനുമായുള്ള ഈ യാത്ര, നിങ്ങളുടെ നിത്യജീവിതത്തിന്റ ഭാഗമായിരിക്കണം, അപ്പോഴാണ് അല്ലാഹു(ത) നിങ്ങളിൽ സംപ്രീതനാകുന്നത്, ഈ യാത്ര തുടരേണ്ടത് അല്ലാഹുവിനു വേണ്ടി മാത്രമായിരിക്കണം മറ്റൊരു സൃഷ്ടിക്കും വേണ്ടി ആയിരിക്കരുത്.

ആയതിനാൽ, സൃഷ്ടാവിന്റെ സംതൃപ്തിക്കായി അന്വേഷണം തുടരുക. ഇൻശാ അല്ലാഹ് ! തീർച്ചയായും ഇതൊരു വലിയ വിഷയമാണ്. ഈ വിഷയത്തിൽ എത്ര ഖുത്തുബകളാണ് നിർവ്വഹിക്കേണ്ടത് എന്ന് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുമാത്രമാണ്. അതായത് ഈ യാത്രയെ പറ്റി വിശദീകരിക്കേണ്ടത് ! ഇൻശാ അല്ലാഹ് ! അടുത്ത വെള്ളിയാഴ്ച തുടരുന്നതാണ്. ഖുർആനുമായി അടുത്തവരുവാൻ അല്ലാഹു(ത) നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ, ഓരോ ദിനം പിന്നിടുമ്പോഴും ഖുർആനുമായി കൂടുതൽ കൂടുതൽ അടുക്കുവാനുള്ള ശക്തി പകരട്ടെ, അങ്ങനെ ഖുർആൻ നിങ്ങളുടേതായി സത്യമായി പുലരട്ടെ, അവർ തന്നെയാണ് യഥാർത്ഥ മുതഖികൾ ! ഇൻശാ അല്ലാഹ് ! ആമീൻ


**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**